പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 767 | 30.06.2015-ൽ മറുപടിക്ക്

## ക്ലിനിക്കൽ ലാബുകളിലെ ജീവനക്കാരുടെ യോഗ്യത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ക്ലിനിക്കൽ ലാബുകളിൽ നിശ്ചിത യോഗ്യതയില്ലാത്തവർ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ആയത് പരിശോധിച്ച് നടപടിയെടുക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് ; | (ബി) ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന സേഫ് കേരള പരിപാടിയുടെ ഭാഗമായി തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം 1955, മദിരാശി പൊതുജനാരോഗ്യ നിയമം 1939 എന്നിവ അടിസ്ഥാനമാക്കിയാണ് സംസ്ഥാന വ്യാപകമായി പരിശോധന നടത്തി നടപടി സ്വീകരിച്ചത്. |
| (സി) ഇവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) ഉണ്ട്. പൊതുജനാരോഗ്യ നിയമങ്ങളുടെ പരിധിയിൽ നിന്നാണ് ഇപ്പോൾ പരിശോധനകൾ നടത്തിയിട്ടുള്ളത്. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കു വേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ പാസ്സാകുന്നതോടെ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ